**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 968** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ ജലവാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ ജലവാഹനങ്ങളിൽ ഉൾനാടൻ യാന നിയമപ്രകാരമുള്ള പരിശോധനകൾ യഥാസമയം നടക്കുന്നുണ്ടോ; ഇത്തരം ജലവാഹനങ്ങളുടെ പ്രവർത്തന ക്ഷമതയും സുരക്ഷയും ഉറപ്പാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (എ) | ഉണ്ട്. 2010 ലെ ഉൾനാടൻ ജലഗാതഗത നിയമം അനുസരിച്ച് കൃത്യമായ പരിശോധന നടത്തി മാത്രമാണ് ജലയാനങ്ങൾക്ക് സർവ്വീസ് നടത്തുന്നതിനുള്ള അനുമതി നൽകുന്നത്. ഇതുകൂടാതെ വാർഷിക സർവ്വേ, മൂന്നുവർഷം കൂടുമ്പോൾ ഡോക്കിംഗ് സർവ്വേ എന്നിവയും നടത്തിവരുന്നുണ്ട്. നിയമാനുസൃതം ലൈസൻസുള്ള ആവശ്യമായ ജീവനക്കാർ, ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ, പൊലൂഷൻ സർട്ടിഫിക്കറ്റ് എന്നിവ ഉണ്ടെങ്കിൽ മാത്രമേ വാർഷിക സർവ്വേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. കൂടാതെ ജലയാനങ്ങളിൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തി നിയമലംഘനം കണ്ടെത്തുന്ന ബോട്ടുകൾക്ക് നിയമാനുസൃതമായ പിഴയും ഈടാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ